പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2033 — 17.03.2015 ൽ മറുപടിയ്ക്ക്

# ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഇപ്പോൾ നടന്നു വരുന്ന സിനിമാ അനുബന്ധ പ്രവൃത്തികൾ എന്തൊക്കെയാണ്; | (എ) ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ ഔട്ട്ഡോർ യൂണിറ്റ്, പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകളായി എഡിറ്റിംഗ്, ഡബ്ബിംഗ്, മിക്സിംഗ്, ഡിജിറ്റൽ കളർ കറക്ഷൻ തുടങ്ങിയവയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ലഭ്യമാണ്. സിനിമാ നിർമ്മാതാക്കളുടെ ആവശ്യാനുസരണമുള്ള ചലച്ചിത്ര നിർമ്മാണങ്ങളിൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ലഭ്യമല്ലാത്ത ആധുനിക സേവനങ്ങൾ Digital Intermediate, ഡിജിറ്റൽ ക്യാമറ തുടങ്ങിയ എം പാനൽ സംവിധാനം മുഖേനയും അറേഞ്ച് ചെയ്ത് നൽകുന്നുമുണ്ട്. ചിത്രാഞ്ജലിയിൽ നിലവിലുള്ള പാക്കേജ് വഴി നിർമ്മിക്കുന്ന സിനിമയ്ക്ക് 5 ലക്ഷം രൂപയും കുട്ടികളുടെ സിനിമയ്ക്ക് 3,75,000/- രൂപയും സബ്സിഡിയായി നിർമ്മാതാക്കൾക്ക് നൽകുന്നുണ്ട്. |
| (ബി) കൂടുതൽ സിനിമ സംവിധായകരെ ആകർഷിക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ശുപാർശയിന്മേൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ